## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 223

18/06/2018-ൽ മറുപടിയ്ക്ക്

## എൻ.സി.ഇ.ആർ.ടി നടത്തിയ സർവ്വേ

ചോദ്യം

**ശ്രീ.ആർ. രാജേഷ്**
**,, കെ.ഡി. പ്രസേനൻ**
**,, കെ.കുഞ്ഞിരാമൻ**
**,, കാരാട്ട് റസാഖ്**

മറുപടി

പ്രൊഫ. സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) പ്രൈമറി, സെക്കന്ററി തലത്തിലെ വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച് എൻ. സി. ഇ. ആർ. ടി നടത്തിയ പഠന നേട്ട സർവ്വേയിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ ഏറെ മുന്നിലാണെന്ന് കണ്ടെത്തുകയുണ്ടായോ; ഈ നേട്ടം നിലനിർത്തുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) അതെ. 3,5,8 എന്നീ ക്ലാസ്സുകളിൽ എൻ. സി. ഇ. ആർ. ടി നടത്തിയ പഠന നേട്ട സർവ്വേയിൽ കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരം ഗുണമേന്മയുള്ളതാണെന്നും, കേരളം നിലവിൽ 3,5 ക്ലാസ്സുകളിൽ ഭാഷ, ഗണിതം, പരിസര പഠനം എന്നിവയിൽ ദേശീയ ശരാശരിയേക്കാൾ മുന്നിലാണെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, മലയാളം, ഗണിതം എന്നീ വിഷയങ്ങളിൽ എട്ടാം തരത്തിൽ ദേശീയ ശരാശരിയെക്കാൾ കേരളം മുന്നിലാണ്. എന്നാൽ, ശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നീ വിഷയങ്ങളിലെ പഠന നിലവാരം ഇനിയും മുന്നേറേണ്ടതുണ്ടെന്നും പഠനം വ്യക്തമാക്കുന്നുണ്ട്.<br>2018-19 അദ്ധ്യയന വർഷത്തിൽ പഠന പോഷണ പരിപാടികളായ 'ഗണിതവിജയം', 'ശാസ്ത്രമധുരം', 'മലയാളത്തിളക്കം', 'ഭൗമം' എന്നിവ ദേശീയ പഠന നേട്ട സർവ്വെയിൽ കണ്ടെത്തിയ നിലവാരം നിലനിർത്തുവാനും, കൂടുതൽ മെച്ചപ്പെടുത്തുവാനുമുള്ള ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ്. |
| (ബി) ചെറിയ കുട്ടികളിൽ ശാസ്ത്ര കൗതുകം ഉണർത്തുന്നതിനും ശാസ്ത്ര നിരീക്ഷണത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ; | (ബി) പ്രൈമറി, അപ്പർ പ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ശാസ്ത്രപഠനം മെച്ചപ്പെടുത്തുന്നതിന് 'ശാസ്ത്രമധുരം' എന്ന പഠനപോഷണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, വിദ്യാലയങ്ങളിലെ ശാസ്ത്ര ലാബുകൾ ശക്തിപ്പെടുത്തുകയും, പരീക്ഷണങ്ങളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ശാസ്ത്രപഠനത്തിനുള്ള പ്രവർത്തനങ്ങളും 'ശാസ്ത്ര മധുര'ത്തിന്റെ ഭാഗമായി നടത്തുന്നതാണ്. |

| | |
|---|---|
| (സി) സംസ്ഥാനത്ത് വിവിധ പാഠ്യക്രമം അനുസരിച്ച് അദ്ധ്യയനം നടത്തുന്ന കുട്ടികൾക്ക് മാതൃഭാഷയിൽ പരിജ്ഞാനമില്ലെന്ന സ്ഥിതി വിശേഷം അവസാനിപ്പിക്കാൻ കൈക്കൊണ്ട നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള മലയാള ഭാഷാ പഠന ആക്ടും, ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ കൂടാതെ, സി.ബി.എസ്.ഇ, ഐ.എസ്.സി.ഇ തുടങ്ങിയ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി 2017-18 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിലെയും, 2018-19 അദ്ധ്യയന വർഷം രണ്ടാം ക്ലാസ്സിലേക്കുമുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്താനായി ഹൈസ്കൂൾ തലങ്ങളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിൽ അദ്ധ്യാപകരുടെ ഒരു പാനൽ ഉണ്ടാക്കുവാനും, പാനൽ പരിശോധിക്കുന്ന റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുവാനും ആക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. എൽ.പി/യു.പി തലങ്ങളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തണമെന്നും ആക്ടിൽ വ്യവസ്ഥയുണ്ട്. മേൽ പരിശോധനാ റിപ്പോർട്ടുകൾ പ്രകാരം മലയാളഭാഷാ പഠന ആക്ടിലെ വ്യവസ്ഥകൾ ഏതെങ്കിലും സ്കൂളുകൾ ലംഘിച്ചതായി ബോധ്യപ്പെട്ടാൽ, അങ്ങനെയുള്ള സ്കൂളിന്റെ പ്രധാനാധ്യാപകനിൽ നിന്നും പിഴ ചുമത്തുന്ന കാര്യങ്ങളും ആക്ടിൽ അനുശാസിക്കുന്നുണ്ട്.<br><br>അതൊടൊപ്പം തമിഴ്, കന്നട എന്നീ ഭാഷകൾ മാതൃഭാഷയായുള്ള കുട്ടികളുടെ ഭാഷാപഠനം ലക്ഷ്യമാക്കി പാഠപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മറ്റ് പാഠ്യക്രമമനുസരിച്ച് മാതൃഭാഷയിൽ പരിജ്ഞാനമില്ലെന്ന സ്ഥിതി വിശേഷം അവസാനിപ്പിക്കാൻ കൈകൊണ്ട നടപടിയുടെ പുരോഗതി വിലയിരുത്താൻ സമയമായിട്ടില്ല. |

Reeny
സെക്ഷൻ ഓഫീസർ